"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കോവിഡ് 19 പ്രതിരോധ നടപടികളുടെ ഭാഗമായി കമ്മ്യൂണിറ്റി കിച്ചൻ നടത്തിപ്പുമായി ബന്ധപ്പെട്ട തുടർ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ.) വകുപ്പ്**

**സ.ഉ.(സാധാ) നം.986/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 11/05/2021**

---

പരാമർശം:- 1 26.03.2020 തീയതിയിലെ സ.ഉ.(സാധാ) നം.713/2020/തസ്വഭവ

2 03.04.2020 തീയതിയിലെ സ.ഉ(സാധാ) നം.733/2020/തസ്വഭവ

3 20.04.2020 തീയതിയിലെ സ.ഉ.(സാധാ) നം.765/2020/തസ്വഭവ

4 25.04.2020 തീയതിയിലെ സ.ഉ.(സാധാ) നം.782/2020/തസ്വഭവ

5 തദ്ദേശ സ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 08.05.2021-ന് നടന്ന കോവിഡ് വാർ റൂം സംസ്ഥാനതല അവലോകനയോഗ തീരുമാനം നം. 20.

**<u>ഉത്തരവ്</u>**

കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ രാജ്യവ്യാപകമായി ലോക്ക്ഡൌൺ നിലവിൽ വന്നതിനെ തുടർന്ന് സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കും, പല കാരണങ്ങളാൽ സ്വന്തമായി ഭക്ഷണം പാചകം ചെയ്യാൻ കഴിയാത്തവർക്കുമായി ഭക്ഷണം എത്തിക്കുന്നതിന് കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ തദ്ദേശസ്ഥാപനങ്ങളുമായി സഹകരിച്ച് കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരമുള്ള കമ്മ്യൂണിറ്റി കിച്ചണുകളുടേയും സർക്കാർ അംഗീകരിച്ച വിശപ്പുരഹിതകേരളം-ജനകീയ ഹോട്ടൽ എന്ന പദ്ധതിയിലെ ജനകീയ ഹോട്ടലുകളുടെയും സംയോജിത മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള കമ്മ്യൂണിറ്റി കിച്ചൺ രൂപീകരണം സംബന്ധിച്ച് പരാമർശം (2) പ്രകാരം സ്പഷ്ടീകരണം നൽകിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(2) ബഹു.മുഖ്യമന്ത്രി തദ്ദേശസ്ഥാപന ജനപ്രതിനിധികളുമായി 08.05.2021-ന് നടത്തിയ യോഗ നിർദ്ദേശപ്രകാരം ജനകീയ ഹോട്ടലുകളുടെയും കമ്മ്യൂണിറ്റി കിച്ചണുകളുടേയും പ്രവർത്തനം കാര്യക്ഷമമാക്കുന്ന വിഷയം ചർച്ച ചെയ്യുകയുണ്ടായി. അത് പ്രകാരം ജനകീയ ഹോട്ടലുകളുടെയും കമ്മ്യൂണിറ്റി കിച്ചണുകളുടേയും പ്രവർത്തനം സംബന്ധിച്ച് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i . ആവശ്യാനുസൃതം മാത്രമേ കമ്മ്യൂണിറ്റി കിച്ചണുകൾ ആരംഭിക്കാവൂ. കമ്മ്യൂണിറ്റി കിച്ചണുകൾ വഴി ഭക്ഷണം ലഭ്യമാക്കേണ്ടവരുടെ പട്ടിക താഴെപ്പറയുന്ന ദുർബല വിഭാഗങ്ങളിൽ നിന്നും തദ്ദേശസ്ഥാപനങ്ങൾ പ്രത്യേകം തയ്യാറാക്കി സൂക്ഷിക്കേണ്ടതും അതു പ്രകാരം മാത്രം ഭക്ഷണം വിതരണം ചെയ്യേണ്ടതുമാണ്.

i. ഭക്ഷണം ആവശ്യമുള്ള കോവിഡ് രോഗികൾ (ആക്ടീവ്  കേസെലോഡ് പ്രകാരം )

ii. ഭക്ഷണം ആവശ്യമുള്ളതും ഹോം ഐസൊലേഷനിൽ കഴിയുന്നതുമായവർ

iii. സാമൂഹ്യ പെൻഷൻ വാങ്ങുന്നവർ

iv.  ഭക്ഷണം ആവശ്യമുള്ള കിടപ്പ രോഗികൾ

v.  ഭക്ഷണം ആവശ്യമുള്ള പാലിയേറ്റീവ് കെയറിലുള്ളവർ

vi. മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലുള്ളവർ

vii.  പട്ടികജാതി/പട്ടിക വർഗ്ഗ കോളനികളിലുള്ളവർ

viii. അതിഥി തൊഴിലാളി ക്യാമ്പുകളിലുള്ളവർ (തൊഴിൽ വകുപ്പ് ആവശ്യപ്പെടുന്ന മുറയ്ക്ക്)

ix.  അഗതി രഹിത കേരളം/ ബഡ്സ് ഗുണഭോക്താക്കളും കുടുംബാംഗങ്ങളും

x. ഭിക്ഷാടനത്തിൽ ഏർപ്പെട്ടിട്ടുള്ളവർ, അഗതികൾ.

മേൽ വിവരിച്ചിട്ടുള്ള ഓരോ വിഭാഗത്തിലെയും വ്യക്തികളുടെ വാർഡ് തിരിച്ചുള്ള പട്ടിക തദ്ദേസസ്വയംഭരണ സ്ഥാപന തലത്തിൽ സൂക്ഷിക്കേണ്ടതും ഓരോ ആഴ്ച തോറും പുതുക്കേണ്ടതുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനതല ലിസ്റ്റിന്റെ പകർപ്പ് താലൂക്ക് ഇൻസിഡന്റ് കമ്മാൻഡറിന് ലഭ്യമാക്കണം.

2. പട്ടിക പ്രകാരമുള്ള ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ വേണം കമ്മ്യൂണിറ്റി കിച്ചൺ ആരംഭിക്കുക. വീടുകളിലേക്കും സ്ഥാപനങ്ങളിലേക്കും ആഹാര പൊതി എത്തിക്കുന്ന വിധത്തിലായിരിക്കും കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തിക്കുക. കമ്മ്യൂണിറ്റി കിച്ചൺ പരിസരത്തിൽ ആഹാരം വിളമ്പുകയോ takeaway നൽകുകയോ പാടില്ല.

3.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പരിധിയിലുള്ള ജനകീയ ഹോട്ടലുകളെയാണ് കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തിപ്പിക്കുന്നതിന് പ്രധാനമായും ആശ്രയിക്കേണ്ടത്.

4.ജനകീയ ഹോട്ടലുകളുടെ അഭാവത്തിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ കമ്മ്യൂണിറ്റി കിച്ചണുകൾ ആരംഭിക്കാവുന്നതാണ്.

5.കമ്മ്യൂണിറ്റി കിച്ചണുകൾക്കാവശ്യമായ ഭൌതിക സാഹചര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരുക്കേണ്ടതാണ്.

6.ആഹാര പൊതി വീടുകളിലെത്തിക്കാൻ സന്നദ്ധ പ്രവർത്തകരെ കണ്ടെത്തി കമ്മ്യൂണിറ്റി കിച്ചനുമായി ബന്ധിപ്പിക്കേണ്ടതാണ്.

7.കമ്മ്യൂണിറ്റി കിച്ചൺ നടത്തിപ്പുമായി ബന്ധപ്പെട്ട പാചകത്തൊഴിലാളികൾക്ക് പരാമർശം (3) പ്രകാരമുള്ള ഓണറേറിയം നൽകാവുന്നതാണ്.

8.അവശ്യഘട്ടങ്ങളിൽ മാത്രം പരാമർശം (4) പ്രകാരമുള്ള ഉത്തരവ് പ്രകാരം കുടുംബശ്രീ വനിതകളെ കൂടാതെ പാചകത്തൊഴിലാളികളെ കൂടി നിയോഗിക്കാവുന്നതാണ്.

9.ജനകീയ ഹോട്ടലുകൾ വഴി 20 രൂപയ്ക്ക് ഭക്ഷണപൊതി ഉറപ്പ വരുത്തേണ്ടതാണ്(പൊതി വീട്ടിൽ എത്തിക്കുന്നതിന് വീടൊന്നിന് 5 രൂപ അധികം വാങ്ങാവുന്നതാണ്)

10.കമ്മ്യൂണിറ്റി കിച്ചനുകളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഒറ്റത്തവണ റിവോൾവിംഗ് ഫണ്ടായി ഒരു കമ്മ്യൂണിറ്റി കിച്ചന് 50,000 രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ടിൽ നിന്നോ വികസനഫണ്ടിൽ നിന്നോ അനുവദിച്ചു നൽകേണ്ടതാണ്.

11.കമ്മ്യൂണിറ്റി കിച്ചൺ നടത്തിപ്പിന് ആവശ്യമായ ധനസഹായമോ പച്ചക്കറികളോ, ഇന്ധനം, പാത്രങ്ങൾ മുതലായ സാമഗ്രികളോ സ്പോൺസർഷിപ്പിലൂടെ സ്വരൂപിച്ച് കുടുംബശ്രീയ്ക്ക് നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേതൃത്വം എടുക്കണം. സംഭാവനയായി കിട്ടുന്ന പണത്തിന്റെയും സാമഗ്രികളുടേയും കൃത്യമായ കണക്കു സൂക്ഷിക്കേണ്ടതുമാണ്. പരാമർശം (1) ഉത്തരവിലെ അക്കൌണ്ടിംഗ് സംബന്ധമായ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

12.ക്രമ നം.1-ൽ പ്രതിപാദിച്ചിട്ടുള്ള ഗുണഭോക്താക്കൾക്കുള്ള ഭക്ഷണ വിതരണം തടസ്സപ്പെടാതെ നിർവ്വഹിക്കേണ്ടതിന്റെ ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനത്തിനായിരിക്കും. ഈ പട്ടികയിൽ പണം കൊടുത്തു ആഹാരം വാങ്ങാൻ നിവൃത്തിയില്ലാത്തവർക്കു കൊടുക്കുന്ന പൊതിയിനും പാർസൽ വീട്ടിലെത്തിക്കുന്നതിനു വേണ്ടി വരുന്ന തുകയും (20-25 രൂപ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സഹിക്കേണ്ടതാണ്. അത് കൃത്യ സമയത്തിനുള്ളിൽ തന്നെ കമ്മ്യൂണിറ്റി കിച്ചന് നൽകുന്നു എന്നുറപ്പാക്കണം.

13.പ്രതിവാരം കണക്കുകൾ ചിട്ടപ്പെടുത്തേണ്ടതാണ്. പഞ്ചായത്ത് തലത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയും നഗരസഭ തലത്തിൽ കുടുംബശ്രീ ഉത്തരവാദിത്തം വഹിക്കുന്ന ഹെൽത്ത് ഓഫീസറും കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കേണ്ടതാണ്.

14.കമ്മ്യൂണിറ്റി കിച്ചണുകൾക്ക് സിവിൽ സപ്ലൈസ് വകുപ്പിന്റെ എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് ലഭിക്കുവാൻ ആവശ്യമായ നടപടികൾ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ജില്ലാ സപ്ലൈസ് ഓഫീസർ മുഖേന നിർവ്വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ.എ.എസ്.**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

എല്ലാ ജില്ലാ കളക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ)
കേരള,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
ഐ&പി.ആർ. (വെബ് &ന്യൂ മീഡിയ വിഭാഗം) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് -

ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.